20639
3/10/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-വാഴച്ചാൽ ഡിവിഷനിലെ കൊല്ലത്തിരുമേട് റെയിഞ്ചിലെ 1973 റാംപ്ര തേക്ക് തോട്ടത്തിൽ നിന്നും ലേലത്തിൽ വിളിച്ചെടുത്ത കഴകൾ കാണാതായത് സംബന്ധിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ(സാധാ)നം.345/2017/വനം തീയതി. തിരുവനന്തപുരം, 17.09.2017

പരാമർശം :

1) 24.07.2009 ലെ ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ബി4-23132/08 നമ്പർ കത്ത്

2) 04.11.2009 ലെ 11374/എ 1/2009/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3) 02.12.2009 തീയതിയായി ശ്രീ ഡി.രാജേന്ദ്രൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എൻ.സി), 28.12.2009 തീയതിയായി ശ്രീ.പി.കെ.ഗിരീഷ് കുമാർ, ഫോറസ്റ്റ് ഗാർഡ്, 04.10.2010 തീയതിയായി ശ്രീ.പി.രവീന്ദ്രൻ പിള്ള, ഫോറസ്റ്റർ, 04.03.2010 തീയതിയായി ശ്രീ.ജെ.ജയകുമാർ, ഫോറസ്റ്റ് ഗാർഡ്, 20.01.2010 തീയതിയായി ശ്രീ.ആർ.മധുസൂദനൻ, ഫോറസ്റ്റർ, 20.01.2010 തീയതിയായി ശ്രീ.സി.എഫ്.ടോമി, ഫോറസ്റ്റ് ഗാർഡ് (ഇപ്പോൾ വില്ലേജ് മാൻ), 24.01.2010 തീയതിയായി ശ്രീ.എം.സുരേഷ് കുമാർ, ഫോറസ്റ്റ് ഗാർഡ്, 08.03.2010 തീയതിയായി ശ്രീ.ടി.എ. മുജീബ്, ഫോറസ്റ്റ് ഗാർഡ്, 30.09.2010 തീയതിയായി ശ്രീ.കെ.ബി.സുരേന്ദ്രൻ പിള്ള, ഫോറസ്റ്റ് ഗാർഡ്, 04.07.2012 തീയതിയായി ശ്രീ.കെ.എ.അനിൽ കുമാർ, മുൻ ഫോറസ്റ്റ് ഗാർഡ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ.

4) 06.05.2011 ലെ ഭരണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-23132/08 നമ്പർ കത്ത്.

5) 10.09.2012 ലെ സ.ഉ.(സാധാ) നം.447/2012/വനം ഉത്തരവ്.

6) ശ്രീ.എ.ആർ. ശശികുമാർ. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

7) 07.06.2013, 30.12.2013, 22.02.2014 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റിന്റെ ബി4-23132/08 നമ്പർ കത്തുകൾ.

8) 04.12.2013, 09.01.2014 എന്നീ തീയതികളിലെ 7272/എ 1/2013/വനം നമ്പർ കത്തുകൾ.

9) 07.06.2014 ലെ സ.ഉ.(സാധാ) നം.244/2014/വനം ഉത്തരവ്.

10) 01.09.2015 ലെ 7272/എ 1/2013/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

11) 10.11.2015 തീയതിയായി ശ്രീ.കെ.ബി.സുരേന്ദ്രൻ പിള്ള, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 25.01.2016 തീയതിയായി ശ്രീ.ജെ.ജയകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 14.01.2016 തീയതിയായി ശ്രീ.സി.എഫ്.ടോമി, മുൻ ഫോറസ്റ്റ് ഗാർഡ്, 25.04.2017 തീയതിയായി ശ്രീ.പി.രവീന്ദ്രൻ പിള്ള, റിട്ട. ഫോറസ്റ്റർ എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ.

12) 18.01.2017, 25.04.2017 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-23132/08 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വാഴച്ചാൽ ഡിവിഷനിലെ കൊല്ലത്തിരുമേട് റെയിഞ്ചിലെ 1973 റാംപ്ര തേക്കതോട്ടത്തിൽ നിന്നും ലേലത്തിൽ വിളിച്ചെടുത്ത കഴകൾ കാണാതായതിനെത്തുടർന്നുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (1) ലെ ഭരണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്കെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും സർക്കാർ തലത്തിൽ നൽകി.

1) ശ്രീ.ഡി.രാജേന്ദ്രൻ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ)

2) ശ്രീ.റ്റി.എ.മുജീബ്, ഫോറസ്റ്റ് ഗാർഡ്

3) ശ്രീ.പി.രവീന്ദ്രൻ പിള്ള, ഫോറസ്റ്റ് ഗാർഡ്

4) ശ്രീ.കെ.ബി.സുരേന്ദ്രൻ പിള്ള, ഫോറസ്റ്റ് ഗാർഡ്

5) ശ്രീ.പി.കെ.ഗിരീഷ് കുമാർ, ഫോറസ്റ്റ് ഗാർഡ്

6) ശ്രീ.എം.സുരേഷ് കുമാർ, ഫോറസ്റ്റ് ഗാർഡ്

7) ശ്രീ.കെ.എ.അനിൽ കുമാർ, മുൻ ഫോറസ്റ്റ് ഗാർഡ് (ഇപ്പോൾ അസിസ്റ്റന്റ് ആഡിറ്റ് ഓഫീസർ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്)

8) ശ്രീ.ആർ മധുസൂദനൻ, ഫോറസ്റ്റർ

9) ശ്രീ.ജെ.ജയകുമാർ. ഫോറസ്റ്റ് ഗാർഡ്

10) ശ്രീ.സി.എഫ്.ടോമി, മുൻ ഫോറസ്റ്റ് ഗാർഡ്
(ഇപ്പോൾ ലോവർ ഡിവിഷൻ ക്ലാർക്ക്, ഗവൺമെന്റ് ഹൈസ്കൂൾ, കുറ്റിപ്പുറം)

2) ഇവർക്കെതിരെയുള്ള കുറ്റാരോപണങ്ങൾ ചുവടെ ചേർക്കുന്നു.

i) സർക്കാർ വനവിഭാഗം നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തി

ii) മേൽ വീഴ്ച മൂലം സർക്കാരിന് 1,07,368/- രൂപയുടെ നഷ്ടം വരുത്തി

iii) ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും ഒഴിവാക്കാമായിരുന്ന അനാസ്ഥ കാണിക്കുകയും ചെയ്തു.

3) കുറ്റാരോപിതർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലായെന്ന് പരാമർശം (4) പ്രകാരം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അറിയിച്ചു. കുറ്റാരോപിതരെല്ലാം കുറ്റം നിഷേധിച്ച സാഹചര്യത്തിൽ കുറ്റാരോപിതർക്ക് തങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ ഒരു അവസരം കൂടി നൽകുന്നതിനുമായി പരാമർശം (5) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

4) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) പരാമർശം (6) പ്രകാരമുള്ള ഔപചാരികാന്വേഷണ റിപ്പോർട്ട് അഭിപ്രായസഹിതം പരാമർശം (7) ലെ 07.06.2013 ലെ കത്ത് പ്രകാരം ലഭ്യമാക്കി

5) ഔപചാരികാന്വേഷണ റിപ്പോർട്ടിൽ കുറ്റാരോപിതർക്കെതിരെയുള്ള ചാർജ്ജുകൾ തെളിയിക്കത്തക്ക തെളിവുകൾ അന്വേഷണ വേളയിൽ ലഭിച്ചില്ല എന്നാണ് കണ്ടെത്തിയത്.

6) ഔപചാരികാന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ പുനർലേലവും, കഴകൾ നഷ്ടപ്പെട്ടതും സംബന്ധിച്ച് എല്ലാ വസ്തുതകളും അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടാത്തതിനാൽ അതിലെ കണ്ടെത്തലുകൾ അതേപടി അംഗീകരിക്കാൻ സാധ്യമല്ലാത്തതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) യുടെ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകയുണ്ടായി. തുടർന്ന് ഡി&പി വിഭാഗം അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (7) ലെ 30.12.2013 ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിലെ വസ്തുതകൾ ഇപ്രകാരമാണ്:-

7) 18.06.1998 ൽ നടന്ന പുനർ ലേലത്തിൽ തടികൾ ലേലം കൊള്ളുന്നതിന് മുമ്പ് ശ്രീ.എം.എ.ഫ്രാൻസിസ് തടികളുടെ നിലവാരവും അപ്പോഴത്തെ അവസ്ഥയും

സംബന്ധിച്ച് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. മൂപ്പെത്താത്ത കഴകൾ ലേലം കൊണ്ട ടിയാൻ പ്രസ്തുത തടികൾ ദീർഘകാലം വെയിലും മഴയുമേറ്റ് നശിക്കാൻ അനുവദിക്കാതെ വേഗത്തിൽ നീക്കം ചെയ്യേണ്ടതായിരുന്നു എന്നും 'the poles are twisted and otherwise inferior in quality' എന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ ശുപാർശ, തടിയുടെ നിലവാരത്തെ സംബന്ധിച്ച സൂചനയായി കണക്കാക്കാവുന്നതാണെന്നും 15.10.1997 ലെ ലേലത്തിൽ തന്നെ തടിയുടെ നിലവാരക്കുറവിനെ സംബന്ധിച്ച് സൂചന നൽകപ്പെട്ടിരുന്നു എന്ന വസ്തുത ശ്രദ്ധിക്കപ്പെടേണ്ടതുമാണ്. 14.07.1998 ൽ നടന്ന പുനർ ലേലം സ്ഥിരപ്പെടുത്തി നൽകണമെന്നാവശ്യപ്പെട്ട് വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നൽകിയ കത്തിൽ ഇനിയും ലേലത്തിനു വച്ചാൽ കൂടുതൽ വില ലഭിക്കാൻ സാധ്യതയില്ല എന്ന് രേഖപ്പെടുത്തിയതും തടിയുടെ ഗുണനിലവാരക്കുറവു മൂലം ദ്രവിച്ചു പോകാൻ സാധ്യതയുണ്ട് എന്നതിന്റെ സൂചനയായി പരിഗണിക്കപ്പെടാവുന്നതാണ്. ഉന്നത നിലവാരമുള്ള തടികൾക്ക് ഒരു ലേലത്തിൽ അർഹമായ വില ലഭിച്ചില്ലെങ്കിൽ തടികൾ വീണ്ടും ലേലം ചെയ്യുന്നതിനും കൂടുതൽ വരുമാനം സർക്കാരിന് ലഭ്യമാക്കുന്നതിനും പരിശ്രമിക്കുക എന്നതാണ് ഡിപ്പാർട്ട്മെന്റ് തലത്തിൽ ചെയ്തു വരാറുള്ളത്.

8) ലേലം ചെയ്യപ്പെട്ട കഴകൾ നീക്കം ചെയ്യപ്പെടാത്തതിനാൽ വീണ്ടും ഡിപ്പോയിൽ സൂക്ഷിക്കപ്പെടേണ്ടിവരുമ്പോൾ ടി കാലയളവിലേയ്ക്കുള്ള തറവാടക വാങ്ങുന്നതിന് നിലവിലുള്ള നിയമപ്രകാരം ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. ആ കാലയളവിൽ കഴകൾ മോഷണം പോകാതെ സൂക്ഷിക്കേണ്ടതും ഉദ്യോഗസ്ഥരുടെ ബാധ്യതയാണ്. കഴകൾ മോഷണം പോയതല്ല, മണ്ണിൽകിടന്ന് ദ്രവിച്ചുപോയതാണ് എന്നാണ് ഔപചാരികാന്വേഷണ ഉദ്യോഗസ്ഥനും അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ അതു സംബന്ധിച്ച് വ്യക്തമായ തെളിവുകൾ നൽകുന്നതിനോ കുറ്റാരോപിതരുടെ വാദഗതികൾക്ക് സാധൂകരണം നൽകുന്നതിനോ അന്വേഷണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല.

9) 18.06.1998 ൽ നടന്ന പുനർലേലത്തിൽ നീക്കം ചെയ്യപ്പെടാതെ അവശേഷിച്ച കഴകൾക്ക് എന്തു സംഭവിച്ചു എന്നത് രേഖകളും തെളിവുകളും സഹിതം കോടതിയെ ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. കഴകൾ മോഷണം പോകാനുള്ള സാധ്യതയില്ല എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുമുണ്ട്. ആ സ്ഥിതിക്ക് അവ ദ്രവിച്ചുപോയതാകാമെന്നതാണ് അന്വേഷണ ഉദ്യോഗസ്ഥന്റെ അനുമാനം. എന്നാൽ അപ്രകാരം സംഭവിച്ചു എന്ന് കോടതിയെ ബോധ്യപ്പെടുത്താൻ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് കഴിയാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

10) കഴകൾ ദ്രവിച്ചു പോകുന്നത് സംബന്ധിച്ച് ലേലക്കാരനെ നോട്ടീസ് മുഖാന്തിരം അറിയിക്കാതിരുന്നതും അത് ഉടൻ തന്നെ നീക്കം ചെയ്യാൻ ടിയാന്

നിർദ്ദേശം നൽകാതിരുന്നതും ഉദ്യോഗസ്ഥരുടെ ഭാഗത്തെ വീഴ്ചയാണ്. കഴകൾ നശിച്ചു പോയി എങ്കിൽ അതിനെ സംബന്ധിച്ച് അന്വേഷിച്ച് വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കുന്നതിലും ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

11) കഴകൾ മുഴുവനും ദ്രവിച്ചുപോയതാണെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ വസ്തുതാപരമാണെങ്കിൽ അതിന്റെ പേരിൽ ലേലക്കാരനുണ്ടായ മുഴുവൻ നഷ്ടത്തിനും ജീവനക്കാരെ ഉത്തരവാദികളാക്കുന്നത് അനുചിതമായിരിക്കുമെന്നും ഒബ്ലിഗേറ്ററി തിന്നിംഗുകളിൽ തോട്ടത്തിലെ മോശമായ കഴകളാണ് നീക്കം ചെയ്യാറുള്ളതെന്നും 22 വർഷം മാത്രം പ്രായമായ തേക്കിൻ കഴകൾ എളുപ്പത്തിൽ ദ്രവിക്കാൻ സാധ്യതയുണ്ടെന്നും തോട്ടത്തിൽ നിന്ന് ശേഖരിച്ചതിനുശേഷം 4 വർഷം കഴിഞ്ഞാണ് അവ നീക്കം ചെയ്യാൻ പാസ് നൽകിയത് എന്ന വസ്തുതകൾ കൂടി പരിഗണിക്കണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) ശുപാർശ ചെയ്തു.

12) മേൽ വിഷയം സംബന്ധിച്ച കേസിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാരിനുണ്ടായ നഷ്ടം ജീവനക്കാരിൽ നിന്ന് ആനുപാതികമായി ഈടാക്കുന്നതിന് സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും സർവ്വശ്രീ.റ്റി.എ.മുജീബ്, പി.കെ.ഗിരീഷ് കുമാർ, കെ.എ.അനിൽകുമാർ, ജെ.ജയകുമാർ സി.എഫ്.ടോമി എന്നിവർ കൊല്ലത്തിരുമേട് റെയിഞ്ചിൽ ഫോറസ്റ്റ് ഗാർഡുമാരായി ജോലി ചെയ്യുമ്പോൾ സർവ്വീസിൽ പരിചയക്കുറവുള്ളവരായിരുന്നു എന്നും പരാമർശം (7) ലെ 22.02.2014 കത്ത് പ്രകാരം (ഡി&പി) വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിക്കുകയുണ്ടായി.

13) ശ്രീ.റ്റി.എ.മുജീബ്, ശ്രീ.പി.കെ.ഗിരീഷ് കുമാർ എന്നിവർക്ക് കൊല്ലത്തിരുമേട് സെക്ഷന്റെ ചാർജ്ജ് ഉണ്ടായിരുന്നതായി തെളിയിക്കപ്പെട്ടിട്ടില്ലായെന്നും ടിയാന്മാർക്ക് കരടിപ്പാറ സെക്ഷന്റ ചാർജ്ജ് ആണ് ഉണ്ടായിരുന്നതെന്നും ബോധ്യപ്പെട്ടതായി ഔപചാരികാന്വേഷണത്തിൽ കണ്ടെത്തിയ സാഹചര്യത്തിൽ ടിയാന്മാരെയും സർവ്വശ്രീ.എം.സുരേഷ് കുമാർ, കെ.എ.അനിൽകുമാർ എന്നീ ഫോറസ്റ്റ് ഗാർഡുമാർ വളരെ ചുരുങ്ങിയ കാലയളവേ ടി സെക്ഷന്റെ ചാർജ്ജ് വഹിച്ചിരുന്നുവെന്നും സർവ്വീസിൽ പരിചയക്കുറവ് ഉണ്ടായിരുന്നു എന്നുമുള്ള വസ്തുത കണക്കിലെടുത്ത് ടിയാന്മാരെയും പരാമർശം (9) പ്രകാരം അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കി ഉത്തരവായി.

14) 22 വർഷം പ്രായമായ തേക്കിൻ കഴകൾ ദ്രവിച്ചു പോയെന്ന കണ്ടെത്തൽ കഴകൾ ദ്രവിച്ചു പോകുന്നത് സംബന്ധിച്ച് ലേലക്കാരനെ നോട്ടീസ് മുഖാന്തിരം അറിയിക്കാതിരുന്നത്, ഇക്കാര്യം രേഖകളും തെളിവുകളും സഹിതം കോടതിയെ ബോധ്യപ്പെടുത്താതിരുന്നത് എന്നിവ ഗൗരവമേറിയ അച്ചടക്ക രാഹിത്യമാകയാൽ

ഇവയൊന്നും കണക്കിലെടുക്കാതെ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് സർക്കാർ തള്ളിക്കളയുകയും കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി തുടരുവാൻ തീരുമാനിക്കുകയും ചെയ്തു.

15) ഈ വിഷയത്തിൽ കുറ്റാരോപിതരുടെ ആനുപാതിക വിഹിതം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അറിയിച്ചു. ആകെ സർക്കാർ നഷ്ടമായി കണക്കാക്കപ്പെട്ട 1,07,638/- രൂപ സർവ്വീസിൽ ഉണ്ടായിരുന്ന 6 ഉം വിരമിച്ചവരായ 2 ഉം ജീവനക്കാരിൽ നിന്ന് തുല്യ വിഹിതങ്ങളായി ഈടാക്കുന്നതിന് ഓരോരുത്തരിൽ നിന്നും 13,455/- രൂപ വീതം ഈടാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്തു.

16) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശ അംഗീകരിച്ച്

(എ) ഡി.രാജേന്ദ്രൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) ന്റെ മാസ പെൻഷനിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 13,455/- രൂപ (പതിമൂവായിരത്തി നാന്നൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം) കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം ഈടാക്കാനും കൂടാതെ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- (മുന്നൂറു രൂപ മാത്രം) 3 വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം കുറവു ചെയ്യാനും.

(ബി) ശ്രീ.പി.രവീന്ദ്രൻ പിള്ള, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) ന്റെ മാസ പെൻഷനിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 13,455/- രൂപ (പതിമൂവായിരത്തി നാന്നൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം) കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം ഈടാക്കാനും, കൂടാതെ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- (ഇരുന്നൂറു രൂപ മാത്രം) 3 വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം കുറവു ചെയ്യാനും,

(സി) സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.കെ.ബി.സുരേന്ദ്രൻ പിള്ള, ആർ മധുസൂദനൻ, ജെ.ജയകുമാർ മുൻ ഫോറസ്റ്റ് ഗാർഡും കുറ്റിപ്പുറം ഗവ.സ്കൂളിലെ ക്ലാർക്കുമായ ശ്രീ.സി.എഫ്.ടോമി എന്നിവരിൽ നിന്നും 13,455/- രൂപ (പതിമൂവായിരത്തി നാന്നൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം)വീതം ഈടാക്കാനും, കൂടാതെ ടിയാന്മാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാനും,

(ഡി) യഥാക്രമം 30.09.2002, 30.04.2001 എന്നീ തീയതികളിൽ സർവ്വീസിൽ നിന്നും വിരമിച്ച സർവ്വശ്രീ.പി.എം.ജോസഫ് എം.പ്രസന്നകുമാരൻ പിള്ള എന്നിവരിൽ

നിന്നും 13.455/- രൂപ (പതിമൂവായിരത്തി നാനൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം) വീതം കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 116 ന് താഴെ റൂളിംഗ് 6 പ്രകാരം ഈടാക്കാനും, ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- (നൂറു രൂപ മാത്രം) വീതം കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 59 ബി പ്രകാരം കുറവു ചെയ്യാനും സർക്കാർ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ടിയാന്മാർക്ക് പരാമർശം (10) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

17) ടി നോട്ടീസിന് സർവ്വശ്രീ.കെ.ബി.സുരേന്ദ്രൻ പിള്ള, ജെ.ജയകുമാർ, സി.എഫ്.ടോമി, പി.രവീന്ദ്രൻ പിള്ള എന്നിവർ പരാമർശം (11) പ്രകാരം സമർപ്പിച്ച വിശദീകരണങ്ങളിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം ലഭ്യമാക്കി.

18) സ്വാഭാവിക നീതി അനുവദിക്കുന്നതിന്റെ ഭാഗമായി ടി വിഷയത്തിലെ എല്ലാ കുറ്റാരോപിതരെയും നേരിൽ കേൾക്കാൻ തീരുമാനിച്ചു. 6.04.2017 ന് നേരിൽ കേൾക്കാൻ അവസരം നൽകിയെങ്കിലും അന്നേ ദിവസം ഹർത്താൽ കാരണം ശ്രീ.കെ.ബി.സുരേന്ദ്രൻ പിള്ളയൊഴികെ ആരും ഹിയറിംഗിൽ ഹാജരായില്ല. തുടർന്ന് 25.04.2017 ൽ ടിയാന്മാർക്ക് ഒരവസരം കൂടി നൽകി. സർവ്വശ്രീ.ജെ.ജയകുമാർ, ആർ.മധുസൂദനൻ, പി.രവീന്ദ്രൻ പിള്ള എന്നിവർ ഹിയറിംഗിന് ഹാജരായി.

19) 12.05.1999 ൽ കൊല്ലത്തിരുമേട് റെയിഞ്ചിൽ നിന്നും സ്ഥലം മാറി പെരുമ്പാവൂർ ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ചിലേയ്ക്ക് മാറ്റം കിട്ടി പോയതാണ് എന്നും ഇടമലയാർ ഡാമിന്റെ ക്യാച്ചുമെന്റ് ഏരിയായുടെ തീരമായ റാംപ്ര തേക്കുതോട്ടത്തിൽ മഴക്കാലത്ത് വെള്ളം പൊങ്ങുകയുണ്ടായിട്ടുണ്ട് എന്നും ബീറ്റ് സഞ്ചാരവേളയിൽ കഴകൾ മണ്ണിൽ പൂതലിച്ച് കിടക്കുന്നത് വാക്കാലും അന്നത്തെ ജനറൽ ഡയറിയിലും വീക്കിലി ഡയറിയിലും രേഖപ്പെടുത്തിയിട്ടുള്ളതാണ് എങ്കിലും മേലധികാരികൾ ആയതിന് തുടർ നിർദ്ദേശങ്ങൾ ഒന്നും നൽകിയിരുന്നില്ല എന്ന് ശ്രീ.പി.രവീന്ദ്രൻ പിള്ള അറിയിച്ചു. പി.എസ്.സി. മുഖേന വനം വകുപ്പിൽ 10.09.1998 ൽ കൊല്ലത്തിരുമേട് റെയിഞ്ചിലെ കൊല്ലത്തിരുമേട് ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് ഫോറസ്റ്റ് ഗാർഡായി ജോലിയിൽ പ്രവേശിക്കുകയും, ജോലിയിൽ പ്രവേശിച്ച സമയത്ത് വസ്തു വകകൾ സംബന്ധിച്ച ചാർജജ് ഷീറ്റ് നൽകിയിരുന്നില്ല എന്നും, 18.06.1998 ൽ പുനർലേലം നടക്കുന്ന സമയത്ത് വനം വകുപ്പ് ഉദ്യോഗസ്ഥനായിരുന്നില്ല എന്നും, കോടതിയിൽ കൃത്യമായ പ്രതിവാദം സമർപ്പിക്കാൻ അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരാജയപ്പെട്ട വിഷയത്തിൽ സർവ്വീസിൽ മുൻപരിചയമില്ലാത്ത താഴെത്തട്ടിലെ ഉദ്യോഗസ്ഥരെ പ്രതിയാക്കി കുറ്റം ചുമത്തി ശിക്ഷിക്കുന്നത് നീതിയുക്തമല്ല എന്നും ശ്രീ.ജെ.ജയകുമാർ ബോധിപ്പിച്ചു. ഈ വാദഗതികൾ തന്നെ ശ്രീ.മധുസൂദനനും ഉന്നയിച്ചു. ശാരീരിക അസ്വസ്ഥതകൾ കാരണം നേരിൽ കേൾക്കുന്നതിന് പങ്കെടുക്കാ

നാകില്ലെന്നും, മതിയായ സർവ്വീസോ പരിശീലനമോ ഇല്ലാതിരുന്നതിനാൽ കുറ്റവിമുക്തനാക്കണമെന്നും ശ്രീ.സി.എഫ്.ടോമി അഭ്യർത്ഥിച്ചു.

20) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിലെ ബന്ധപ്പെട്ട ഫയലുകളും അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) അഭിപ്രായവും ആസ്പദമാക്കി ഈ വിഷയം വിശദമായി പരിശോധിച്ചു. 1973 റാംപ്ര തേക്ക് തോട്ടത്തിൽ 1996-ൽ തിന്നിംഗ് നടത്തി ശേഖരിച്ചിരുന്ന കഴകൾ 15.10.1997 ൽ ശ്രീ.റ്റി.എ.ജാഫർ എന്നയാൾ ലേലത്തിൽ എടുത്തുവെങ്കിലും പണമടയ്ക്കാൻ വീഴ്ച വരുത്തിയതു കൊണ്ട് 18.06.1998 ൽ ശ്രീ.ജാഫറിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തി ശ്രീ.എം.ഐ.ഫ്രാൻസിസ് എടുത്തു. ലേലം ചെയ്യപ്പെട്ട കഴകൾ മോഷ്ടിക്കപ്പെട്ടതല്ല എന്നും ലേലം കൊണ്ട ആൾ കഴകൾ ഏറ്റെടുക്കാതെ നാലു വർഷത്തോളം വെയിലും മഴയുമേറ്റ് ദ്രവിച്ചു പോകുകയാണ് ഉണ്ടായതെന്നും ആയതിനാൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായതായി കണക്കാക്കാനാവില്ല എന്നും അതിനാൽ കുറ്റപത്രത്തിലെ ചാർജ്ജുകൾ തെളിഞ്ഞിട്ടില്ല എന്നും അന്വേഷണാധികാരി കണ്ടെത്തുകയുണ്ടായി.

21) തേക്ക് കഴകൾ പൂർണ്ണ വളർച്ചയെത്താൻ 60 വർഷം വേണമെന്നിരിക്കെ 22 വർഷം മാത്രം പ്രായമുള്ള മേൽപ്പറഞ്ഞ കഴകൾ വേഗത്തിൽ ദ്രവിക്കാൻ സാധ്യതയുള്ളതായിരുന്നു. കഴകൾ നീക്കം ചെയ്യാൻ ശ്രീ.എം.ഐ.ഫ്രാൻസിസിന് പാസ്സ് നൽകിയത് 1999 മാർച്ച് മാസത്തിലാണ്. അതായത് ശേഖരിച്ചതിനു ശേഷം 4 വർഷങ്ങൾ കഴിഞ്ഞ് ഈ കാലഘട്ടത്തിൽ വെയിലും മഴയുമേറ്റ് കഴകൾ സ്വാഭാവികമായി നശിച്ചിരിക്കാൻ സാധ്യതയുണ്ട്. 14.07.1998 ൽ നടന്ന പുനർ ലേലം സ്ഥിരപ്പെടുത്തി നൽകണമെന്നാവശ്യപ്പെട്ട് വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയ കത്തിൽ കഴകൾ ദ്രവിച്ചതായോ നശിക്കാൻ സാധ്യതയുണ്ടെന്നോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇനിയും ലേലത്തിന് വച്ചാൽ കൂടുതൽ വില ലഭിക്കാൻ സാധ്യതയില്ല എന്ന് മാത്രം വ്യക്തമാക്കിയിട്ടുണ്ട്. ലേലം നടന്ന് 6 മാസത്തിനു ശേഷം നിയമാനുസൃതമായി കാലാവധി നീട്ടി കിട്ടി, തറവാടക നൽകിയതിനു ശേഷമാണ് ശ്രീ.ഫ്രാൻസിസ് കഴകൾ നീക്കം ചെയ്തത്. തറവാടക വാങ്ങിയ ഉദ്യോഗസ്ഥൻ കൃത്യമായ തുടർ നിർദ്ദേശം സബോർഡിനേറ്റിന് നൽകിയതായി കാണുന്നില്ല.

22) 18.06.1998 ൽ നടന്ന പുനർ ലേലത്തിൽ തടികൾ ലേലം കൊള്ളുന്നതിനു മുമ്പ് ശ്രീ.എം.ഐ.ഫ്രാൻസിസ് തടികളുടെ നിലവാരവും അപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. മൂപ്പെത്താത്ത കഴകൾ ലേലം കൊണ്ട ടിയാൻ പ്രസ്തുത തടികൾ ദീർഘകാലം വെയിലും മഴയുമേറ്റ് നശിക്കാൻ അനുവദിക്കാതെ വേഗത്തിൽ നീക്കം ചെയ്യേണ്ടതായിരുന്നു. കുറ്റാരോപിതരിൽ

ഭൂരിഭാഗവും സർവ്വീസിൽ പുതുതായി പ്രവേശിച്ചവരാണ്. സ്റ്റേഷൻ ചാർജ്ജുണ്ടായിരുന്ന സമയത്തു ട്രെയിനിംഗിനായി പല കാലയളവുകളിൽ സ്റ്റേഷനിൽ നിന്നും വിട്ടു നിന്നിട്ടുള്ളതുമാണ്.

23) ശ്രീ.എം.ഐ.ഫ്രാൻസിസ് ഫയൽ ചെയ്ത ഒ.എസ് 70/2000 നമ്പർ കേസ്, ടിയാന് അനുകൂലമായി വിധിയുണ്ടായത് 14.06.2002 ലാണ്. ടി ഉത്തരവിനെതിരെ എ.എസ്.83/03 ആയി വനം വകുപ്പ് ഫയൽ ചെയ്ത അപ്പീൽ തള്ളിക്കൊണ്ട് 30.11.2005 ൽ വിധിയായി. തുടർന്ന് 2009 ലാണ് ഈ വിഷയത്തിൽ അച്ചടക്ക നടപടി ആവശ്യമുണ്ടെന്ന ശുപാർശ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) സർക്കാരിൽ സമർപ്പിക്കുന്നത്.

24) കുറ്റാരോപിതരായ സർവ്വശ്രീ.പി.എം.ജോസഫ്, എം.പ്രസന്നകുമാരൻ പിള്ള എന്നിവർ യഥാക്രമം 30.09.2002, 30.04.2001 തീയതികളിൽ റിട്ടയർ ചെയ്തവരാണ്. ലേലക്കാരന് 1,07,368/- രൂപ നൽകേണ്ടി വന്നു എന്നത് വസ്തുതയാണ്. എന്നാൽ കോടതിയിൽ കൃത്യമായും കേസ് വാദിക്കുന്നതിൽ വന്ന പരാജയമാണ് കാരണം. ഇവിടെ തെളിയിക്കപ്പെടാത്ത ചാർജ്ജുകൾ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ നഷ്ടം എങ്ങനെയെങ്കിലും ആരിൽ നിന്നെങ്കിലും ഈടാക്കണമെന്ന രീതിയിൽ കൈകാര്യം ചെയ്യപ്പെട്ടതെന്ന കുറ്റാരോപിതരുടെ വാദം തള്ളിക്കളയാനാവില്ല. ഇവിടെ ടി കാലയളവിൽ ജോലി നോക്കിയിരുന്ന 12 പേർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ 4 പേരെ കുറ്റവിമുക്തരാക്കി. സെക്ഷന്റ ചാർജ്ജില്ലായിരുന്നുവെന്നതും പരിചയക്കുറവും ആണ് കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഒരാൾ മരണപ്പെട്ടു. രണ്ട് പേർ വിരമിച്ചിട്ട് 15 വർഷമായി. അർദ്ധനീതിന്യായ സ്വഭാവമുള്ള അച്ചടക്ക നടപടി കൃത്യമായ ചട്ടങ്ങൾ പാലിച്ചു കൊണ്ട് തീർപ്പാക്കുന്നതോടൊപ്പം ചെയ്ത കുറ്റവും ശിക്ഷയും ആനുപാതികമായിരിക്കേണ്ടതും സ്വാഭാവിക നീതി ഉറപ്പു വരുത്തിയിട്ടുള്ളതുമാകണം.

25) കുറ്റാരോപിതരെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ഇവരുടെ നോട്ടക്കുറവ് കാരണം സർക്കാർ വന വിഭവം സൂക്ഷിക്കുന്നതിലുണ്ടായ വീഴ്ച കണക്കിലെടുത്ത് സർക്കാർ നഷ്ടം മാത്രം ഇവരിൽ നിന്നും തുല്യമായി ഈടാക്കാവുന്നതും മറ്റ് ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്.

26) മേൽ സാഹചര്യത്തിൽ ഈ വിഷയത്തിലെ ആകെ സർക്കാർ നഷ്ടമായ 1,07,638/- രൂപയിൽ സർവ്വശ്രീ.ഡി.രാജേന്ദ്രൻ, കെ.ബി.സുരേന്ദ്രൻ പിള്ള, സി.എഫ്.ടോമി, പി.രവീന്ദ്രൻ പിള്ള എന്നിവരിൽ നിന്നും 13,455/- രൂപ വീതം മൂന്ന് ഗഡുക്കളായി പ്രതിമാസ പെൻഷനിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 3 പ്രകാരം ഈടാക്കുന്നതിനും. സർവ്വീസിലിരിക്കുന്ന സർവ്വശ്രീ.ആർ.മധുസൂദനൻ, ജെ.ജയകുമാർ എന്നിവരിൽ നിന്നും 13,455/- രൂപ വീതം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം മൂന്ന്

ഗഡുക്കളായി ഈടാക്കുന്നതിനും 2001 2002 വർഷങ്ങളിൽ വിരമിച്ച സർവ്വശ്രീ.പി.എം.ജോസഫ്, എം.പ്രസന്നകമാരൻ പിള്ള എന്നിവരിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം 3 ലെ റൂൾ 116 ലെ റൂളിംഗ് 6 പ്രകാരം സിവിൽ സ്യൂട്ട് ഫയൽ ചെയ്ത് 13,455/- രൂപ വീതം ഈടാക്കുന്നതിനും ഉത്തരവാകുന്നു.

27) ഇതു സംബന്ധിച്ച അടിയന്തിര തുടർനടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ഡി.രാജേന്ദ്രൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (നോൺ കേഡർ) (റിട്ട)
ശ്രീ.കെ.ബി.സുരേന്ദ്രൻ പിള്ള, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
ശ്രീ.സി.എഫ്.ടോമി, മുൻ ഫോറസ്റ്റ് ഗാർഡ് ( ലോവർ ഡിവിഷൻ ക്ലാർക്ക്, ഗവൺമെന്റ് ഹൈസ്കൂൾ, കുറ്റിപ്പുറം)
ശ്രീ.പി.രവീന്ദ്രൻ പിള്ള, ഫോറസ്റ്റർ (റിട്ട)
ശ്രീ.ആർ മധുസൂദനൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
ശ്രീ.ജെ.ജയകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
ശ്രീ.പി.എം.ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ (റിട്ട)
ശ്രീ.എം.പ്രസന്നകുമാരൻ പിള്ള, ഫോറസ്റ്റർ (റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ